# NADOPASANA

(Society for the promotion of Classical and Choral Music)

## CHRISTIAN CLASSICAL MUSIC CONCERT

(CARNATIC)

BY



## SHRI. GEORGE PANJARA

At 5-30 p, m. on Sunday 20th April 1986

AT

## UPASANA AUDITORIUM, THODUPUZHA

# Best Wishes to

## Shri. GEORGE PANJARA

FROM

## THE C. M. I. FAMILY


## Fr. Prior General and Community

ERNAKULAM Cochin-682 011

## Fr. Provincial and Community

S. H. Provincial House

RAJAGIRI P. O. KALAMASSERY - 683104

## *Fr. Prior & Community*

Carmel Monastery

VAZHAKULAM

## Fr. Superior and Community

JYOTHI NIVAS

THODUPUZHA

# ★ നാദോപാസന ★

## സംഗീത സദസ്സ്

പങ്കെടുക്കുന്നവർ:-

ശ്രീ. ജോർജ്ജ് പാഞ്ജാറ – വായ്പാട്ട്

ശ്രീ. നെടുമങ്ങാട് ശിവാനന്ദൻ – വയലിൻ

ശ്രീ. ജോസ് സെബാസ്റ്റ്യൻ – മൃദംഗം

ശ്രീ. വൈക്കം ഗോപാലൻനായർ – ഗിഞ്ചറ

Address:

Shri. GEORGE PANJARA
Kothavara
VAIKOM - 686 607

നാദോപാസന
ഉപാസന
തൊടുപുഴ-685584

# നാദോപാസന

(Society for the promotion of classical and Choral Music)

സംഗീതസപര്യ ചെയ്യുന്നവർക്ക് അവതരണത്തിനും പരീക്ഷണങ്ങൾക്കും ക്രിയാത്മകമായ വിമർശനത്തിനും ഉള്ള ഒരു വേദിയായിരിക്കും നാദോപാസന നാദോപാസനയുടെ പ്രവർത്തന രംഗങ്ങളിലൊന്ന് ശാസ്ത്രീയ സംഗീതമാണ്. ശാസ്ത്രീയ സംഗീതം ഇന്നും സാധാരണ ജനങ്ങൾക്ക് ബാലികേറാമലതന്നെ ശാസ്ത്രീയ സംഗീതാസ്വാദന ക്ഷമത വളർത്താൻ നാദോപാസനയുടെ വേദി ഉപയോഗിക്കപ്പെടും. സംഗീതാസ്വാദനത്തെപ്പററിയുള്ള പ്രഭാഷണങ്ങ (lecture Demonstrations) ളിലൂടെയും, പരിപാടികൾ അവതരിപ്പിച്ചു കഴിഞ്ഞുള്ള ചർച്ചകളിലൂടെയും ഇത് സാധ്യമാകുമെന്നാണ് പ്രതീക്ഷ.

ഭാഷയും ദേശവുമില്ലാതെ അഗാധമായി കിടക്കുന്ന സംഗീതസാഗരത്തിൽ മുങ്ങി ഒരു ചെറുമുത്തെങ്കിലും നേടിയെടുക്കാൻ പരീക്ഷണങ്ങളിലൂടെ മാത്രമെ സാധിക്കൂ. മനുഷ്യശബ്ദത്തിന്റെ ചൂഷണം സംഗീതലോകത്ത് വളരെ കുറഞ്ഞു വരുന്ന ഒരു പ്രവണത ഇന്നു ധാരാളമായി കാണുന്നു - പ്രത്യേകിച്ച് ഇലക്ട്രോണിക്സ് സംഗീതോപകരണങ്ങളുടെ അതിപ്രസരം കൂടിവരുന്ന ഈ കാലഘട്ടത്തിൽ. ഇതിനൊരപവാദമായി കേരളത്തിലെ ആദ്യത്തെ സംഘഗാനസമിതിയുടെ (Choral Music) ആശയവുമായി നാദോപാസന സംഗീതപ്രേമികളെ സംഘടിപ്പിക്കുന്നു.

വൈവിദ്ധ്യങ്ങൾ നിറഞ്ഞ "Musical effects" ഉപകരണങ്ങളുടെ സഹായം കൂടാതെ മനുഷ്യശബ്ദംകൊണ്ടുതന്നെ സൃഷ്ടിക്കാൻ സാധിക്കും എന്ന് ആസ്വാദകരെ മനസിലാക്കാൻ നമുക്ക് സാധിക്കണം.

ഒരാൾ തന്നെ പാടുകയും മററുള്ളവർ ആസ്വദിക്കുകയും ചെയ്യുന്ന രീതിയിൽ നിന്നും വ്യത്യസ്തമായി എല്ലാവരും ചേർന്നു പാടുകയും ആസ്വദിക്കുകയും ചെയ്യുന്ന ഒരു പുതിയ ശൈലിയാണ് "Choral Music" എല്ലാ പ്രായത്തിലുള്ളവർക്കും അവരുടെ പരിധി അനുസരിച്ച് പങ്കുചേരാൻ സാധിക്കത്തക്ക രീതിയിലായിരിക്കും ഇതിന്റെ രചനയും സംഗീതവും. ഏകദേശം നൂറുപേരടങ്ങുന്ന ഒരു സംഘഗാനസമിതിയാണ് നാദോപാസനയുടെ ഭാവനയിലുള്ളത്. കവിതയെ അവഗണിച്ചുകൊണ്ട് അതിന് നൽകുന്ന സംഗീതത്തിന് മാത്രം പ്രാധാന്യം നൽകുന്ന ഇന്നത്തെ പതിവു മാററി "Music with Message" എന്നതാണ് നാദോപാസനയുടെ മറെറാരു ലക്ഷ്യം.

മനുഷ്യമനസിന്റെ അഗാധങ്ങളിലേയ്ക്ക് പെട്ടെന്ന് ഇഴുകിയിറങ്ങാനുള്ള സംഗീതത്തിന്റെ വശ്യതയെ സംഗീതപ്രേമികൾക്ക് മനസിലാക്കാൻ വേണ്ടി നാദോപാസന തുടങ്ങുന്ന ഈ സംരംഭത്തിന് സംഗീതാസ്വാദകരുടെ മുഴുവൻ സഹകരണവും പ്രതീക്ഷിക്കുന്നു.

സണ്ണി വെമ്പിള്ളിൽ
സെക്രട്ടറി
നാദോപാസന

തൊടുപുഴ,
20-4.1986.

# ശ്രീ. ജോർജജ് പാഞ്ഞാറ

സംഗീതസിദ്ധിയും രചനാപാടവവും ഒന്നിച്ചുചേർന്ന ചുരുക്കം കലാകാരൻമാരിലൊരാളാണ് ശ്രീ. ജോർജജ് പാഞ്ഞാറ. തന്റെ ഗുരുഭൂതനായ ശ്രീ. കെ. ജി. ബാലകൃഷ്ണൻനായരിൽനിന്നുലഭിച്ച സംഗീത പരിശീലനമുപയോഗിച്ച് അവതരണത്തിലും രചനയിലും തനതായ ശൈലി കണ്ടെത്താൻ പരിശ്രമിക്കുകയാണദ്ദേഹം. കർണ്ണാടകസംഗീത ശൈലിയിൽ സ്വരപ്പെടുത്തിയിരിക്കുന്ന ശ്രീ ജോർജജിന്റെ ക്രൈസ്തവ കീർത്തനങ്ങൾ കേരളത്തിന്റെ സംഗീത സാംസ്കാരികസമ്പത്തിന് മുതൽ കൂട്ടുന്നു; ക്രൈസ്തവ ഭക്തിഗാനത്തിന് പുതിയ സരണി വെട്ടി തുറക്കുന്നു. ശ്രീ. ജോർജജിന്റെ ഈ പരിശ്രമം അർഹമായ അംഗീകാരം നേടുമെന്നതിന് സംശയമില്ല.

പക്വതയാർന്ന ശബ്ദവും ഉച്ചാരണശുദ്ധിയും ശ്രീ. ജോർജജിന്റെ പ്രത്യേകം എടുത്തപറയേണ്ട സവിശേഷതകളാണ്.

പൂർണ്ണമായും ക്രൈസ്തവ രചനകളടങ്ങിയ ഒരു സംഗീതക്കച്ചേരി നാളിതുവരെ ഒരു സ്വപ്നമായിരുന്നു. ഇപ്പോഴിതാ ആ സ്വപ്നം സാക്ഷാത്കരിക്കപ്പെടുന്നു.

ശ്രീ. ജോർജജിന് അഭിനന്ദനങ്ങൾ ! ആശംസകൾ !!

'നാദോപാസന'
ഉപാസന
തൊടുപുഴ-685 584

ജോസഫ് പാലയ്ക്കൽ CMI
ഡയറക്ടർ,
നാദോപാസന.

# ശ്രീ. ജോർജജ് പാഞ്ഞാറയുടെ കൃതികൾ

## ശ്രിതജനഹൃദയനിവാസാ

രാഗം: നാട്ട  താളം: ആദി

പല്ലവി

ശ്രിതജന ഹൃദയനിവാസാ
അമലാംബികാ തനയാ_പാഹി

അനുപല്ലവി

ശരണാഗത ദീനജന വത്സലാ
ചാരുദാന വീതരണചരിതാ

ചരണം

ബാലമാനസപ്രിയാ - നിഖിലനല
ശീലപാലന ജനപാലകാ

അനുചരണം

നരപാതക സകല സംഹരണാ
സ്വർഗ്ഗീയ തോഷദാന നിപുണാ

## തവചരണദ്വയമേശരണം

രാഗം: രീതിഗൗള  താളം: ആദി

പല്ലവി

തവചരണദ്വയമേ_ശരണം അംബാ
താപവിമോചന മാർഗ്ഗസംദായകി

അനുപല്ലവി

നാക വിനായക പാവനജനനീ
ദേവജനഗണ പൂജിതചരണേ

ചരണം

വിമലമനോഹരി നീലാംബരധരി
വിമലജനഹൃദയ നിവാസിനി

അനുചരണം

മാമകമാനസ താരിതിലംബേ
സ്നേഹസുധാരസം തൂവുക നീ

## സാധുമർത്യ വിമോചകം

രാഗം: കർണ്ണാടക ശുദ്ധസാവേരി
(അപൂർവ്വരാഗം) താളം: മിശ്രചാപ്പ്

പല്ലവി

സാധുമർത്യവിമോചകം യേശു
നായകം പ്രണമാമിസതതം

അനുപല്ലവി

ബോധസർവ്വവിധായകം മർത്യ
പാരതന്ത്ര്യ നിവാരണം ദേവം

ചരണം

ഹീനമാർഗ്ഗവിമർദ്ദകം പരി
ദീനമാനവ രക്ഷകം

അനുചരണം

വാഗ്മിതാ പരിശോഭിതം സ്വർ
ഗ്ഗീയ കരുണാപൂരിതം ശുഭം

## ശ്രീയേശുനായകം

രാഗം: സാരമതി താളം: ഖണ്ഡചാപ്പ്

പല്ലവി

ശ്രീയേശുനായകം ശ്രീലവരദായകം
ദേവജനവന്ദിതം ആശ്രയാമിസതതം

അനുപല്ലവി

സുജ്ഞാനപൂരിതം സ്നേഹമതഭാഷിതം
വിജ്ഞാനദായകം ത്രൈലോക്യനായകം

ചരണം

സാധുജനപാലകം വാഗ്സുധാശോഭിതം
മർത്യഗണമോചകം സത്യദൈവാത്മജം

അനുചരണം

ഭക്തജനവത്സലം മുക്തിസംദായകം
മുഗ്ദ്ധകൃശായുധം മമഹൃദയനായകം

## ദിവ്യകാരുണ്യനാഥാ

രാഗം: സുരുട്ടി                    താളം: രൂപകം

പല്ലവി

ദിവ്യകാരുണ്യനാഥാ സദാനിൻ
ദിവ്യനാമമന്ത്രം സൗഖ്യതന്ത്രം

അനുപല്ലവി

ജീവകാരുണ്യമേകും ദേവാനിന്റെ ചെന്നിണം
ഏകി നീ പാനീയമായ് നിൻദേഹമപ്പമായും

ചരണം

എത്രമോഹനം ദേവാ നിന്റെ സന്നിധാനം
എത്രഭീകരം ദേവാ നീയെഴാത്തലോകം

അനുചരണം

ദിവ്യദാനങ്ങളേകും സ്നേഹാധിനാഥനീശോ
ഏകാന്തമായിഞാൻ നിൻ സങ്കീർത്തനങ്ങൾപാടും

## ലാവണ്യസാരരൂപാ

രാഗം: ഖരഹരപ്രിയ                    താളം: ആദി

പല്ലവി

ലാവണ്യസാരരൂപാ നിഖില ലോകൈക
കാരുണ്യ ദാനലോലാ-ശ്രീയേശുദേവാ

അനുപല്ലവി

ത്രൈലോക്യനാഥാ സായൂജ്യദാതാ
ദൈന്യനിഹന്താ സർവ്വാധിനാഥാ

ചരണം

പാദപത്മം തൊഴുന്നീ പാപിഞാൻ നായകാ
താപമോചനംനീ ഏകിയാലും വിഭോ

അനുചരണം

രാജാധിരാജാ ക്രൂശായുധാദേവാ
മൃത്യുഞ്ജയാ പരിശോഭിതാ പാഹിമാം

## ഗീതദിവ്യ കലാനിധേ

രാഗം: കല്യാണി താളം: മിശ്രചാപ്പ്

പല്ലവി

ഗീതദിവ്യ കലാനിധേ സം
മോദരൂപ ദയാനിധേ-സംഗീത

അനുപല്ലവി

നാദവാദ്യസമേതമായ് നിൻ
നാമഗീതികം പാടുവാൻ
ഏകിമാനവ ജൻമമീ മുഗ്ധ
ഭൂവിൽ ഗായകനായിമേ-സംഗീത

ചരണം

മധുവചനാമൃത ലോലുപാ നിൻ
മധുരകഥാസുധ നുകരുവാൻ

അനുചരണം

ജാതകൗതുകമീ ജനം കാ-
ത്തേർത്തീടുന്നു കൃപാനിധേ
നാദകോമളമായി നീയെൻ
നാവിൽ വാ യേശുനായകാ-സംഗീത

## ശശിലേഖാസ്ഥിതപാദം

രാഗം: ശങ്കരാഭരണം താളം: ആദി

പല്ലവി

ശശിലേഖാസ്ഥിതപാദ പങ്കജയുഗളം
പണിയുന്നു തവ ദാസൻ മരിയാംബേ ജനനീ

അനുപല്ലവി

ജനനീ വിനീതസ്വരൂപേ നിൻ തൃപ്പാദം
പണിവോരിൽ ചൊരിയൂ നിൻ വരദാനഹർഷം

ചരണം

നൃപവരകുലജാതേ നിരുപമ ഗുണശീലേ
സ്മഖില കന്യാജനവന്ദിത ധന്യപാദേ

അനുചരണം

താവകസുതർക്കെന്നും ആനന്ദദാനംനൽകും
വിശ്രുതദയാമയി വിശൈക തേജോയി.

# Best Wishes

TO

# NADOPASANA

FROM

★

## CHAVARA CULTURAL CENTRE

MONASTERY ROAD

ERNAKULAM, COCHIN - 682011

---

## CARMEL CULTURAL CENTRE

ALWAYE 683101

---

## RAJAGIRI MUSIC ACADEMY

Rajagiri P. O, Kalamassery 683104

---

## *DARSANA*

SASTRI ROAD

KOTTAYAM

---

## VISWADARSANA

DEVAMATHA PROVINCIAL HOUSE,

TRICHUR - 1

With Best Compliments to Nadopasana

FROM

# SANJO

## Enterprises

Jyothi Super Bazar,
THODUPUZHA.

1 Photostat (Automatic)
2 Blue Print
3 Job Typing
4 Cyclo styling
5 Travel Assistance
6 Vacuum Cleaning

Peeliyanickal, Thodupuzha, Ph: 2448